# വഴിമാറിനടക്കേണ്ട നോമ്പുകാലം (മത്താ 4: 1-11)

**March 06, 2011**

**Homily by Fr. Binto Kilukkan.**

**Fr. Kilukkan can be reached at** frbintokilukkan@gmail.com

ഒരു മുല്ലാകഥ ഇപ്രകാരമാണ്. പുഴയിൽ കുളിക്കാൻപോയ മുല്ലായുടെ അമ്മായിയമ്മ ഒഴുക്കിൽപ്പെട്ട് ഒഴുകിപ്പോയി. കരയിലുണ്ടായിരുന്ന മുല്ലാ ഈ വിവരമറിഞ്ഞ് ഓടിയെത്തി. മറ്റുള്ളവർ കാൺകെ പുഴയിലേക്ക് ചാടി ഒഴുക്കിനെതിരെ നീന്തുവാൻ തുടങ്ങി. കരയിലുണ്ടായിരുന്നവർ ഉറക്കെവിളിച്ചുപറഞ്ഞു "ഏയ് മുല്ലാ താങ്കൾ എന്ത് വിഢിത്തമാണ് കാണിക്കുന്നത്. ഒഴുക്കിനെതിരെ തിരയാതെ ഒഴുക്കിനൊപ്പംനോക്കൂ. പുഴയിൽനിന്നുതന്നെ മുല്ലാ വിളിച്ചുപറഞ്ഞു. "ഇങ്ങോട്ടുവിളിച്ചാൽ അങ്ങോട്ടുപോകുന്ന എന്റെ അമ്മായിയമ്മയുടെ സ്വഭാവം എനിക്കെ അറിയൂ". ചെറുപ്പംമുതലെ കൊണ്ടുനടക്കുന്ന ചില സ്വഭാവദൂഷ്യങ്ങളും തെറ്റിദ്ധാരണകളും, ദുശ്ശീലങ്ങളുമായി എന്തൊക്കെയോ എത്തിപ്പിടിക്കാൻ നെട്ടോട്ടമോടുമ്പോൾ വഴിമാറിനടക്കേണ്ടതിന്റെ, മാറ്റത്തിന്റെ അനിവാര്യത വ്യക്തമാക്കികൊണ്ട് വിണ്ടുമൊരു നോമ്പുകാലം ആഗതമായി. വരുവിൻ രമ്യതുപ്പെടാം. നിന്റെ പാപം കടുംചെമപ്പാണെങ്കിലും വെണ്മയുള്ളതാക്കാം" എന്ന ഏശയ്യാ പ്രവചനം(1.18) കാതിൽ മുഴങ്ങുന്നുണ്ടെങ്കിലും ജിവിതത്തിലും ഹൃദയത്തിലുമൊക്കെ മാറ്റം വരുന്നുണ്ടോ?

ലോകത്തിലെ എന്നുമുള്ള പ്രതിഭാസങ്ങളിലൊന്നാണല്ലോ മാറ്റം. അതുകൊണ്ടുതന്നെയാണ് പിശാച് യേശുവിനെ ഒന്നു മാറ്റിയെടുക്കാൻ ആഗ്രഹിച്ചത്. അതിന് ഈ ലോകത്തിലെ മഹത്വങ്ങൾ കാണിച്ചുകൊടുത്തു. പക്ഷെ മാറ്റമില്ലാത്തവൻ താൻതന്നെയെന്ന് വ്യക്തമാക്കുക മാത്രമല്ല നീയും നിന്റെ ജീവിതവും പിശാചിന്റെ പിടിയിൽനിന്ന് മാറ്റിയെടുക്കേണ്ടതും കൂടിയാണ് എന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തു.

ദൈവത്തെ മാറ്റിയെടുക്കുന്ന തരത്തിലുള്ളതാണ് നമ്മുടെ പ്രാർഥനകൾ. ആദ്യം ദൈവം മാറട്ടെ പിന്നെ ഞാൻ മാറാം എന്ന് പറഞ്ഞില്ലെങ്കിലും ആ രീതിയാണ് നമ്മുടെ ജീവിതം. നൊവേനകളിൽ പങ്കെടുക്കുന്നതും, ദാനധർമ്മം ചെയ്യുമ്പോഴും നമ്മുടെ ചില

കഴിവുകൾ കാണിക്കുവാൻ വെമ്പൽ കൊള്ളുകയാണ്. ഇപ്രകാരം ചിലപ്പോഴെങ്കിലും ദൈവത്തെ മാറ്റാൻ ശ്രമിക്കുമ്പോൾ നാമും പിശാച് ഒരുക്കുന്ന പരീക്ഷണത്തിൽ പരാജയപ്പെടുകയല്ലേ? ഈശോ പ്രവർത്തിച്ച അത്ഭുതങ്ങളിലുമൊക്കെ കാണാൻ കഴിയുന്നത്, തങ്ങളുടെ ജിവിതം തന്നെ അർപ്പിച്ച് ഹൃദയവേദനയോടെ വിളിച്ചപ്പോൾ അനുഗ്രഹമഴ ചൊരിഞ്ഞ് അവരെ മാറ്റിയെടുക്കുന്ന യേശുവിനെയാണ്. തന്നെതന്നെ നൽകിയാൽ സംപ്രീതനാകുന്ന ദൈവത്തെ മനസ്സിലാക്കാതെ എന്തെങ്കിലുമെക്കെ നൽകി എവിടെയൊക്കെയോ മാറ്റംസംഭവിച്ചു എന്ന് അന്ധമായി വിശ്വസിച്ച് സംപ്രീതിയടയുന്നവർ എത്രയോ താഴെയാണ്. എന്നാൽ തന്നെതന്നെയും തന്റെ അദ്ധ്വാനഫലത്തെയും നാഥനുനൽകുന്ന ജിവിതം എത്രമഹത്തരം. പഴയനിയിമത്തിലെ ആബേലും, ചുങ്കക്കാരൻ മത്തായിയുമൊക്കെ എത്രയോ നല്ല ധൃഷ്ടാന്തങ്ങൾ..

എങ്കിൽ ആദ്യം മാറ്റം തുടങ്ങേണ്ടത് നമ്മിൽനിന്നാകട്ടെ. കൺവെൻഷൻ വേദിയിൽകേട്ട സാക്ഷ്യം ഇതാണ്: 1990– ലെ നവീകരണ ധ്യാനത്തിനു പങ്കെടുത്തപ്പോൾ എന്റെ മദ്യപാനദുശ്ശീലം മാറ്റുവാനുള്ള തീരുമാനമെടുത്തു. അതിനുശേഷം ഇതുവരെ(10 വർഷം) ഞാൻ മദ്യപിച്ചിട്ടില്ല. ഇതു നല്ലൊരു മാറ്റമാണ്. നോമ്പ് കാലഘട്ടത്തിലും നടക്കേണ്ടത് ഒരു മാറ്റമാണ്. ത്യാഗപ്രവർത്തികൾ വഴിയും ആത്മീയ അനുഷ്ടാനങ്ങൾ വഴിയും ദൈവത്തോടടുക്കുന്ന മാറ്റം. പക്ഷെ നോമ്പ്കാലം കഴിയുമ്പോൾ വിണ്ടും പഴയ സ്വഭാവത്തിലേക്ക് തന്നെയുള്ള പോക്കാണ് കാണാറ്. ലോകം എന്നും മാറ്റത്തിനു വിധേയമാണ്, അത് നമ്മെ ആകർഷിപ്പിക്കുന്നതും പ്രലോഭിപ്പിക്കുന്നതും ആയിരിക്കും. യേശുവിനെ ദേവാലയഗ്രത്തിൽ നിറുത്തിയതുപോലെയും മലയിലേക്ക് കയറ്റി രാജ്യങ്ങളുടെ മഹത്വം കാണിച്ചതുപോലെയുമാകാം അത് .അപ്പോഴും തന്നെ വീഴ്ത്തുവാൻ ശ്രമിക്കുന്ന പ്രലോഭനങ്ങളോട് വചനം കൊണ്ട് പ്രത്യുത്തരിക്കുവാൻ കഴിയണമെങ്കിൽ ചില മാററങ്ങൾ നമ്മിലും ഉണ്ടാകണം. നോയ്മ്പുകാലം ആ മാററത്തിന്റെ ആരംഭം മാത്രമാണ്. പാരമ്പര്യമായി കൈമാറി കിട്ടിയ ആത്മീയ അനുഷ്ഠാനങ്ങളിൽ മുറുകെ പിടിച്ച് മാറ്റമില്ലാത്തവനിലേക്ക് മാറ്റത്തിന്റെ നല്ല സന്ദേശവുമായി ഈ നോമ്പ്കാലത്തിലൂടെ നമുക്ക് ഒഴുകി തുടങ്ങാം.